# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *571 — 28.10.2016 ലെ മറുപടിക്ക്

## അനധികൃത കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ജെ.മാക്സി :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.കെ.ദാസൻ :<br>ശ്രീ.എം.മുകേഷ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങൾ വ്യാപകമായിരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഈ നിർമ്മാണങ്ങൾക്ക് എതിരെ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; കോടതിയുടെയും സർക്കാരിന്റെയും നിർമ്മാണ നിരോധന ഉത്തരവ് ചെറുകിടക്കാരും തിരുവനന്തപുരത്തെ ആവ്യതി മാൾ പോലുള്ള വൻകിടക്കാരുമായ കെട്ടിട നിർമ്മാതാക്കൾ ലംഘിക്കുന്നത് തടയാൻ എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) പരിശോധിച്ചു വരുന്നു; അനധികൃത നിർമ്മാണങ്ങൾക്കെതിരെ, നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. നിയമ ലംഘനം നടത്തി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ Town & Country Planning Department വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്; ആവ്യതി മാളിന്റെ കാര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തിന്റെയും പുറമ്പോക്ക് ഭൂമി കൈയ്യേറിയതിന്റെയും പരാതികൾ നിലവിലുണ്ട്. എന്നാൽ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പെർമിറ്റ് ദീർഘിപ്പിച്ചു നൽകുന്നതിനും, ഭാഗിക ഒക്കുപ്പൻസിയും കോർപ്പറേഷൻ സെക്രട്ടറി 25.11.2015 തീയതിയിൽ നൽകിയിട്ടുണ്ട്. മേൽ നിർമ്മിതിയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ രണ്ട് പേർ സസ്പെൻഷൻ ചെയ്യപ്പെടുകയും കഠിന ശിക്ഷയുള്ള നടപടികൾ സ്വീകരിക്കപ്പെടുകയും 3 പേർക്ക് എതിരെ ലഘുശിക്ഷയുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. |
| (ബി) ഇവയിൽ പലതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും നഗരാസൂത്രണ വകുപ്പിലേയും ഉദ്യോഗസ്ഥരുടെ ഒത്താശയോടു കൂടിയായിരുന്നതിനാൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കൂടി നടപടിയെടുക്കാൻ തയ്യാറാകുമോ; | (ബി) നിയമാനുസൃതമല്ലാത്ത കാര്യങ്ങൾ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(തുടർച്ച........2)

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(സി) 31.08.2016 ൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ, സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ബഹു.മന്ത്രിയുടെ ചേംബറിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവർക്കായി പ്രത്യേകം പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ച് കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ